# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 218      11.06.2012 -ൽ മറുപടിയ്ക്ക്

### ടി. പി. ചന്ദ്രശേഖരൻ വധഭീഷണിയ്ക്കെതിരെ കൈക്കൊണ്ട നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം :<br>ശ്രീ കെ. ദാസൻ :<br>ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി കെ. കെ. ലതിക : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന് വധ ഭീഷണിയുണ്ടെന്ന് അദ്ദേഹം മുഖ്യമന്ത്രിയെയും കേന്ദ്ര ആഭ്യന്തര സഹ മന്ത്രിയേയും അറിയിച്ചിരുന്നുവോ ; | (എ) ടി. പി. ചന്ദ്രശേഖരന് വധഭീഷണി യുണ്ടെന്ന് അദ്ദേഹം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നില്ല. |
| ബി) എങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം സംരക്ഷണ നടപടികൾ കൈക്കൊണ്ടിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) ബാധകമല്ല. |
| സി) വധഭീഷണി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിരുന്നുവോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) ടി. പി. ചന്ദ്രശേഖരനും മറ്റു ചില ആർ.എം.പി. നേതാക്കൾക്കും വധ ഭീഷണിയടക്കമുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത സംബന്ധിച്ച് ജില്ലാ/റേഞ്ച് പോലീസ് അധികാരികൾക്ക് ഇന്റലിജൻസ് വിഭാഗം ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നു.<br><br>ചന്ദ്രശേഖരനെതിരെയുള്ള വധ ഭീഷണിയെ സംബന്ധിച്ചും പോലീസ് സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റിയും ജില്ലാ പോലീസ് മേധാവി അദ്ദേഹത്തെ നേരിട്ട് ബോധ്യ പ്പെടുത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന് പോലീസ് സംരക്ഷണം ആവശ്യമില്ലായെന്ന് ജില്ലാ പോലീസ് മേധാവിയെ അറിയിച്ചതി നാൽ പോലീസ് സംരക്ഷണം നൽകിയിരു ന്നില്ല. |

സെക്ഷൻ ഓഫീസർ